# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2493 05.02.2018-ൽ മറുപടിക്ക്

**വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

ചോദ്യം — ശ്രീ.വി. ജോയി

മറുപടി — ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചു വരുന്ന സാഹചര്യം നില നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മേൽ സാഹചര്യം ഒഴിവാക്കുന്നതിനും വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും സഹ കാരികളെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും എന്ത് പദ്ധതിയാണ് ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകാരികളെ കടബാധ്യതയിൽ നിന്നും മുക്തമാക്കുന്നതിനുമായി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) | കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് എന്തെല്ലാം ഇളവുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കുടിശ്ശിക വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് പലിശയിൽ ഇളവ് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ